**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 1** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>നെല്ല് സംഭരണം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
| --- | --- |
| ശ്രീ. എ. ഡി. തോമസ് | ശ്രീ. അനൂപ് ജേക്കബ് |
| ശ്രീമതി ഉമ തോമസ് | (ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി) |
| ശ്രീ. സെബാസ്റ്റ്യൻ. എം. ജെ | |
| ശ്രീ. പഴകുളം മധു | |

**(എ)** മുൻ സർക്കാരിന്റെ കാലത്ത് നെല്ല് സംഭരണത്തിലെ വീഴ്ചകൾ മൂലം കർഷകർ വലിയ പ്രതിസന്ധി നേരിടേണ്ടി വന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മുൻസർക്കാരിന്റെ കാലഘട്ടത്തിൽ യഥാസമയം സംഭരണം നടക്കാതെയും സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ പലവിധത്തിലുള്ള പ്രതിസന്ധികൾ നേരിട്ടു. കൂടാതെ മില്ലുടമകളുടെ നിസഹകരണം, കേന്ദ്ര-സംസ്ഥാന വിഹിതം ലഭ്യമാകുന്നതിലെ കാലതാമസം തുടങ്ങിയ ചില സാങ്കേതികവും സാഹചര്യജന്യവുമായ കാരണങ്ങളാൽ നെല്ല് സംഭരണ പ്രക്രിയയിൽ ചില വെല്ലുവിളികൾ നേരിടേണ്ടിവന്നിട്ടുണ്ട്. ഇതുമൂലം വിവിധ ജില്ലകളിൽ കർഷകർക്ക് പ്രയാസങ്ങൾ നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സപ്ലൈകോയുടെ നെല്ല് സംഭരണത്തിൽ പാലക്കാട് ജില്ലയിലെ കർഷകർക്ക് യഥാസമയം സംഭരണ വില ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2025-26 രണ്ടാം വിള സീസണിൽ പരീക്ഷണാടിസ്ഥാനത്തിൽ (Pilot Project) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ (PACS)പി.ആർ.എസ് വായ്പ നൽകുന്നതിനുവേണ്ടി ഉൾപ്പെടുത്തി മുൻ സർക്കാർ പദ്ധതി നടപ്പിലാക്കിയിരുന്നു.

സ.ഉ.(കൈ) നം.05/2026/F&CS തീയതി 20.02.2026 പ്രകാരം ***(അനുബന്ധം II)*** പാലക്കാട് ജില്ലയിലെ സപ്ലൈകോ സംഭരിക്കുന്ന നെല്ലിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) മുഖേന കർഷകർക്ക് PRS വായ്പാ പദ്ധതി വഴി സംഭരണവില ലഭ്യമാക്കുന്നതിനുള്ള നടപടികൾക്ക് സർക്കാർ അനുമതി നൽകുകയും ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് വിധേയമായി, സപ്ലൈകോയും ബന്ധപ്പെട്ട പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും (PACS) തമ്മിൽ ധാരണാപത്രം (MoU) ഒപ്പുവെച്ച് പദ്ധതി നടപ്പിലാക്കുന്നതിനും, ഇതുവഴി സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത രീതിയിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ സംഭരണ സീസൺ ആരംഭിച്ചതിന് ശേഷമാണ് PACS-കളെ ഉൾപ്പെടുത്താനുള്ള തീരുമാനം നടപ്പിലാക്കപ്പെട്ടത്. ആയത് രണ്ട് മാസത്തോളം പാലക്കാട് ജില്ലയിലെ

നെല്ല് സംഭരണം വൈകുന്നതിന് ഇടയാക്കി. ഇതിനോടകം തന്നെ സപ്ലൈകോ മില്ലുകളുമായി സംഭരണ-സംസ്കരണ കരാറുകളിൽ ഏർപ്പെട്ടിരുന്നതിനാൽ പുതിയ സംവിധാനം നിലവിലുള്ള സംവിധാനവുമായി ഏകോപിപ്പിക്കുന്നതിൽ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടു. 06.04.2026 മുതലാണ് PACS-കൾ വഴിയുള്ള PRS വായ്പ നൽകൽ ആരംഭിച്ചത്. എന്നാൽ നാളിതുവരെ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ട 74 PACS- കളിൽ ***(അനുബന്ധം III)*** തനത് ഫണ്ടുള്ള 31 ബാങ്കുകൾ മാത്രമാണ് കർഷകർക്ക് PRS തുക നൽകിയിട്ടുള്ളത്. ആയത് പ്രകാരം നാളിതുവരെ ടി ബാങ്കുകൾ 8192 കർഷകർക്ക് PRS വായ്പയായി 64.52 കോടി രൂപ നൽകിയിട്ടുണ്ട് . തുടർന്ന് 05.06.2026 തീയതിയിലെ സ.ഉ.(കൈ) നം.13/2026/F&CS നമ്പർ ഉത്തരവ് പ്രകാരം ***(അനുബന്ധം IV)*** പാലക്കാട് ജില്ലയിലെ PRS വായ്പ സംബന്ധിച്ച പ്രതിസന്ധി പരിഹരിക്കുന്നതിന് ടി പദ്ധതിയിൽ നിന്നും PACS-നെ ഒഴിവാക്കി നിലവിലുള്ള SBI /Canara ബാങ്ക് കൺസോർഷ്യത്തിൽ നിന്നും PRS വായ്പ നൽകുന്നതിനും, നിലവിലുള്ള വായ്പാ പരിധി 1100 കോടി രൂപയിൽ നിന്നും 1600 കോടി രൂപയാക്കി ഉയർത്തുകയും ചെയ്തു. ആയത് പ്രകാരം നിലവിൽ 2026 മെയ് 15 വരെയുള്ള വെരിഫിക്കേഷൻ പൂർത്തീകരിച്ച PRS-കൾക്ക് SBI /Canara ബാങ്കുകൾ മുഖേന PRS-തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് .ആയത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ജില്ലാ കൃഷി ഓഫീസർ മുഖേന കൃഷിഭവനുകൾ വഴി കർഷകർക്ക് നൽകിയിട്ടുണ്ട്. നിലവിൽ ബന്ധപ്പെട്ട എല്ലാ നടപടികളും വേഗത്തിലാക്കി കർഷകർക്ക് ലഭിക്കാനുള്ള തുക എത്രയും വേഗം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ, സാമ്പത്തിക പിന്തുണ, സാങ്കേതിക ഏകീകരണം, പ്രവർത്തന പരിചയം എന്നിവ പൂർണതയിൽ ഉറപ്പാക്കാതെയാണ് പദ്ധതി നടപ്പിലാക്കപ്പെട്ടത്. PACS വഴി മുഴുവൻ സംഭരണ പ്രക്രിയയും നടത്താനാണ് ആദ്യം ഉദ്ദേശിച്ചിരുന്നതെങ്കിലും, പ്രായോഗിക തലത്തിൽ ഇത് PRS ലോൺ വിതരണം മാത്രമായി ചുരുങ്ങുകയാണുണ്ടായത്. ഇതിന്റെ വിതരണവും പൂർണ്ണതോതിൽ നടപ്പായില്ല.

കേരള ബാങ്കിൽ നിന്നും Special Liquidity Assistance (SLA) കിട്ടിയിട്ട് നൽകാമെന്ന് കരുതിയെങ്കിലും ആയത് ലഭ്യമാകാത്തത് കർഷകർക്ക് PRS തുക ലഭിക്കുന്നതിനു തടസമാകുകയും ചെയ്തു.

കർഷകരുടെ താൽപര്യങ്ങൾ പരമപ്രധാനമായി പരിഗണിച്ച് ഇത്തരം വിഷയങ്ങൾ വിശദമായി വിലയിരുത്തുകയും നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**(ബി)** എങ്കിൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനിന്നിരുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**<u>മറുപടി:</u>** നെല്ല് സംഭരണമേഖലയിലെ വെല്ലുവിളികൾ പരിഹരിക്കുന്നതിനും കർഷകർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനുമായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിലവിലെ ബാങ്ക് കൺസോർഷ്യം വഴി നെല്ല് സംഭരണത്തിനായി അനുവദിച്ചിട്ടുള്ള വായ്പ പരിധി 1100 കോടി രൂപയിൽ നിന്നും 1600 കോടി രൂപയായി ഉയർത്തി ***(അനുബന്ധം IV)*** നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 05/06/2026 ലെ സ.ഉ.(സാധാ) നം. 122/2026/F&CS ***(അനുബന്ധം V) പ്രകാരം*** SBI/Canara ബാങ്കുകളിൽ നിന്നുള്ള PRS വായ്പ പദ്ധതി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നല്കിയിട്ടുണ്ട്.

കർഷകരുടെ രജിസ്ട്രേഷൻ ഘട്ടം മുതൽ സംഭരിച്ച നെല്ലിന്റെ വിതരണം വരെയുള്ള മുഴുവൻ പ്രക്രിയകളിലും സുതാര്യത ഉറപ്പാക്കിക്കൊണ്ട് മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

മില്ലുടമകളുമായി നിലനിന്നിരുന്ന വിഷയങ്ങൾ ചർച്ചകളിലൂടെ പരിഹരിച്ച് നെല്ല് സംഭരണം തടസ്സമില്ലാതെ നടക്കുന്നതിനുള്ള സാഹചര്യം ഉറപ്പാക്കിയിട്ടുണ്ട്.

**(സി)** നെല്ല് സംഭരണം കാര്യക്ഷമമായി നടപ്പാക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**മറുപടി:** നെല്ല് സംഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കുന്നതിനുമായി സർക്കാർ ദീർഘകാലാടിസ്ഥാനത്തിലുള്ള വിവിധ നടപടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

നെല്ല് സംഭരണം, സംസ്കരണം മില്ലുകളിലേക്കുള്ള വിതരണം, ഗുണനിലവാര പരിശോധന, കർഷകർക്ക് പണം കൈമാറൽ തുടങ്ങിയ എല്ലാ ഘട്ടങ്ങളും ഏകോപിപ്പിക്കുന്ന സമഗ്ര ERP (Enterprise Resource Planning) സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിലൂടെ തത്സമയ നിരീക്ഷണവും പ്രവർത്തന കാര്യക്ഷമതയും ഉറപ്പാക്കാനാകുന്നതാണ്.

നെല്ല് സംഭരിച്ചതിന് ശേഷം പരമാവധി കുറഞ്ഞ സമയത്തിനുള്ളിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് തുക കൈമാറുന്നതിനുള്ള സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ട വിഹിതം സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി ഓഡിറ്റും അക്കൗണ്ട്സ് തീർപ്പാക്കലും (ACCOUNTS FINALIZATION) വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

പൊതുവിതരണ ശൃംഖലയിൽ വിജയകരമായി നടപ്പിലാക്കിയ വി.എൽ.ടി.എസ് (VLTS) സംവിധാനം നെല്ല് സംഭരണമേഖലയിലേക്കും വ്യാപിപ്പിക്കുന്നതിനായി സി-ഡാക്കുമായി സഹകരിച്ച് നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി പൈലറ്റ് അടിസ്ഥാനത്തിൽ ട്രയൽ റൺ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ നടക്കുന്നതോടൊപ്പം, മില്ലുടമകളിൽ നിന്ന് വാഹനവിവരങ്ങൾ ശേഖരിച്ച് സി-ഡാക്കിന്റെ സംവിധാനത്തിൽ ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

വിവിധ കാരണങ്ങളാൽ കേന്ദ്ര സർക്കാർ തടഞ്ഞുവച്ചിട്ടുള്ള തുകകൾ ലഭ്യമാകുന്നതിന് നിലവിലുള്ള തടസ്സങ്ങൾ നീക്കുന്നതിനും കുടിശ്ശികകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുമായി കേന്ദ്ര-സംസ്ഥാന തലങ്ങളിൽ ആവശ്യമായ ഇടപെടലുകളും തുടർനടപടികളും സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ്-സപ്ലൈകോ-സഹകരണ സംഘങ്ങൾമുഖേന പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം-നടപ്പ സീസണിൽ പാലക്കാട് ജില്ലയിൽ നെല്ല് സംഭരണത്തിന് സന്നദ്ധരായ സഹകരണസംഘങ്ങൾക്ക് നെല്ല സംഭരണത്തിന് അനുമതി നൽകി ഉത്തരവാകുന്നു

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(കൈ) നം.3/2026/F&CS  തീയതി,തിരുവനന്തപുരം, 11-02-2026

---

പരാമർശം:-

1. 05.01.2026 തീയതിയിൽ ബഹു.മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിന്റെ നടപടിക്കുറിപ്പ്
2. സ.ഉ .(കൈ ) നം.2/2026/സഹ തീയതി 4.01.2026
3. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.02.2026 തീയതിയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്
4. സഹകരണ സംഘം രജിസ്ട്രാറുടെ 09.02.2026 തീയതിയിലെ RCS/11822/202-MP(2) നമ്പർ കത്ത്
5. U.O.(F) Co-Op-B2/196/2023-Co-Op-Part(2)

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നെല്ല് സംഭരണത്തിനുള്ള സംസ്ഥാന ഏജൻസി ആയി സപ്ലൈകോയെ നിലനിർത്തിക്കൊണ്ടും സഹകരണ സംഘങ്ങളും നോഡൽ സഹകരണ സംഘങ്ങളും മുഖേന നെല്ല് സംഭരിക്കുന്നതിനും നടപ്പ് വിളവെടുപ്പ് സീസണിൽ പാലക്കാട് ജില്ലയിൽ ടി പദ്ധതി നടപ്പാക്കുന്നതിനും പരാമർശം(2) ഉത്തരവ് സഹകരണ വകുപ്പ് പുറപ്പെടുവിച്ചിരുന്നു .

2) പരാമർശം (3) ലെ യോഗതീരുമാന പ്രകാരം നെല്ല് സംഭരിക്കുന്ന സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ/പട്ടിക നോട്ടിഫൈ ചെയ്യുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ തയ്യാറാക്കി സിവിൽ സപ്ലൈസ് വകുപ്പിന് നൽകേണ്ടതും സിവിൽ സപ്ലൈസ് വകുപ്പ് അത് നോട്ടിഫൈ ചെയ്യുന്നതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണെന്നും തീരുമാനിച്ചിരുന്നു.

3) പരാമർശം (4 ) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ച, പാലക്കാട് ജില്ലയിലെ നെല്ല് സംഭരണത്തിന് സന്നദ്ധരായ സഹകരണ സംഘങ്ങളുടെ ലിസ്റ്റ് പരാമർശം (5 ) പ്രകാരം തുടർനടപടികൾക്കായി സഹകരണവകുപ്പ് ലഭ്യമാക്കിയിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സഹകരണ സംഘം വഴിയുള്ള നെല്ല് സംഭരണത്തിന് സന്നദ്ധമായ സംഘങ്ങളുടെ വിവരങ്ങളും സംഭരിക്കപ്പെടുന്ന പഞ്ചായത്തുകളുടെ വിവരങ്ങളും താലൂക്ക് അടിസ്ഥാനത്തിൽ സഹകരണ രജിസ്ട്രാർ ലഭ്യമാക്കിയ പട്ടിക ചുവടെ ചേർക്കുന്നു. പ്രസ്തു സഹകരണ സംഘങ്ങൾക്ക് നടപ്പ സീസണിൽ പാലക്കാട് ജില്ലയിൽ സംഭരണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**ആലത്തൂർ താലൂക്ക്**

| ക്രമ നമ്പർ | സംഘങ്ങളുടെ പേര് | പഞ്ചായത്ത് |
|---|---|---|
| 1. | ആലത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1222 ബാങ്ക് റോഡ് ആലത്തൂർ, പിൻ 678541 ഫോൺ.04922222374 | ആലത്തൂർ,മേലാർകോട് |
| 2. | കുഴൽമന്ദം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1195 കുഴൽമന്ദം (പോസ്റ്റ്) പിൻ 678702 | കുഴൽമന്ദം |
| 3. | എരിമയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.507 എരിമയൂർ (പോസ്റ്റ്) പിൻ 678546 | എരിമയൂർ |
| 4. | കണ്ണമ്പ്ര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1221 കണ്ണമ്പ്ര (പോസ്റ്റ്) പിൻ 678686 | കണ്ണമ്പ്ര |
| 5. | കഴനി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1218 കാവശ്ശേരി (പോസ്റ്റ്) പിൻ 678543 | കാവശ്ശേരി |
| 6. | കിഴക്കഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.503,കിഴക്കഞ്ചേരി (പോസ്റ്റ്) പിൻ 678684 | കിഴക്കഞ്ചേരി |
| 7. | കോട്ടായി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1223 മേജർ റോഡ് കോട്ടായി, പിൻ 678572 ഫോൺ.9562285225 | കോട്ടായി |
| 8. | കുത്തനൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1563 കുത്തനൂർ (പോസ്റ്റ്) പിൻ 678721 ഫോൺ.8075355540 | കുത്തനൂർ |
| 9. | മഞ്ഞളൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.501 മഞ്ഞളൂർ (പോസ്റ്റ്), പാലക്കാട്, പിൻ 678502 | തേങ്കുറിശ്ശി വില്ലേജ് 2 |
| 10. | [illegible] | [illegible] |

| | | |
|---|---|---|
| 10. | പഴമ്പാലക്കോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.492പഴമ്പാലക്കോട് (പോസ്റ്റ്) പിൻ 678544 ഫോൺ.9947290724 | തരൂർ |
| 11. | പെരിങ്ങോട്ടുകുറിശ്ശി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.519,പിലാപ്പുള്ളി, പരുത്തിപുള്ളി,ഫോൺ.04922216222 | പെരിങ്ങോട്ടുകുറിശ്ശി |
| 12. | പുതുക്കോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.1151 പുതുക്കോട് (പോസ്റ്റ്), പാലക്കാട്, പിൻ 678687 | പുതുക്കോട് |
| 13. | തണ്ണിരങ്കാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1605 മാത്തൂർ (പോസ്റ്റ്), പാലക്കാട്, പിൻ 678571 ഫോൺ.9188247512 | മാത്തൂർ |
| 14. | വടക്കഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1219വടക്കഞ്ചേരി (പോസ്റ്റ്), പാലക്കാട്, പിൻ 678683, ഫോൺ.04922255260 | വടക്കഞ്ചേരി,വണ്ടാഴി |
| 15. | വിളയഞ്ചാത്തന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1599 തേങ്കുറിശ്ശി (പോസ്റ്റ്), പാലക്കാട്,പിൻ 678671 | തേങ്കുറിശ്ശി വില്ലേജ് 1 |

**ചിറ്റൂർ താലൂക്ക്**

| ക്രമനമ്പർ | സംഘത്തിൻ്റെ പേര് | പഞ്ചായത്ത്/മുൻസിപ്പാലിറ്റി |
|---|---|---|
| 1. | എലവഞ്ചേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.പി.517, കരിങ്കുളം (പോസ്റ്റ്), എലവഞ്ചേരി, പാലക്കാട്, 678508 | എലവഞ്ചേരി |
| 2. | നല്ലേപ്പിള്ളി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.ആർ.43, നല്ലേപ്പിള്ളി (പോസ്റ്റ്), പാലക്കാട് -678553 | നല്ലേപ്പിള്ളി |
| 3. | കൊടുവായൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.756, കൊടുവായൂർ (പോസ്റ്റ്), പാലക്കാട്, പിൻ 678501, | കൊടുവായൂർ |
| 4. | വല്ലങ്ങി വിത്തനശ്ശേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.282, വിത്തനശ്ശേരി, നെന്മാറ, പാലക്കാട.് 678508 | നെന്മാറ |
| 5. | [illegible] | [illegible] |

| | | |
|---|---|---|
| 5. | ചിറ്റൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.18, അണിക്കോട്(പോസ്റ്റ്), ചിറ്റൂർ, പാലക്കാട്, 678101 | ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റിയിലെ 5 മുതൽ 22 വരെയുള്ള വാർഡുകൾ |
| 6. | പല്ലശ്ശേന സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1589 ചിറക്കോട്, പല്ലശ്ശേന (പോസ്റ്റ്), പാലക്കാട് 678 505 | പല്ലശ്ശേന |
| 7. | പെരുമാട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 757 വണ്ടിത്താവളം, (പോസ്റ്റ്), പാലക്കാട് -678534 | പെരുമാട്ടി |
| 8. | തത്തമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.502 തത്തമംഗലം, (പോസ്റ്റ്), പാലക്കാട് 678102 | തത്തമംഗലം വില്ലേജ് |
| 9. | പട്ടഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 58 പട്ടഞ്ചേരി(പോസ്റ്റ്), പാലക്കാട് -678532 | പട്ടഞ്ചേരി വില്ലേജ് |
| 10. | അയിലൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 507, അയിലൂർ (പോസ്റ്റ്), പാലക്കാട്. 678510 | അയിലൂർ |
| 11. | മുതലമട സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1197, കാമ്പ്രത്തുചള്ള, മുതലമട (പോസ്റ്റ്), 678534 | മുതലമട |
| 12. | കൊല്ലങ്കോട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 7561, കൊല്ലങ്കോട് (പോസ്റ്റ്), പാലക്കാട്, 678506 | കൊല്ലങ്കോട് |
| 13. | വടവന്നൂർ സർവ്വീസ് സഹക രണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1217, വടവന്നൂർ(പോസ്റ്റ്), പാലക്കാട് -678504 | വടവന്നൂർ |
| 14. | കൊഴിഞ്ഞാമ്പാറ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.പി.926, കണ്ണൻമേട്, കൊഴിഞ്ഞാമ്പാറ (പോസ്റ്റ്), പാലക്കാട്.678555 | കൊഴിഞ്ഞാമ്പാറ,എരുത്തേമ്പതി പഞ്ചായത്തുകളും വലിയവാലമ്പട്ടി വില്ലേജുകൾ |

**പാലക്കാട് താലൂക്ക്;**

| ക്രമ | സംഘത്തിൻ്റെ പേര് | പഞ്ചായത്ത് /മുൻസിപ്പാലിറ്റി |
|---|---|---|

| നമ്പർ | | |
|---|---|---|
| 1. | എലപ്പുള്ളി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ് 1193, പാറ, എലപ്പുള്ളി - 678622 | എലപ്പുള്ളി പഞ്ചായത്ത് |
| 2. | പൊൽപ്പുള്ളി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.1198, കല്ലുകുട്ടിയാൽ, പൊൽപുള്ളി 678552 | പൊൽപ്പുള്ളി |
| 3. | പെരുവെമ്പ് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. എഫ്.1648, പെരുവെമ്പ 678531 | പെരുവെമ്പ് പഞ്ചായത്ത് |
| 4. | തട്ടുക്കശ്ശേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.534, കേരളശ്ശേരി പോസ്റ്റ് - 678641 | കേരളശ്ശേരി പഞ്ചായത്ത് |
| 5. | മങ്കര സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.പി.363, മങ്കര 678613 | മങ്കര പഞ്ചായത്ത് |
| 6. | മണ്ണൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. എഫ്.1582, മണ്ണൂർ പോസ്റ്റ് - 678642 | മണ്ണൂർ പഞ്ചായത്തിലെ 1 മുതൽ 3 വരെയും 11 മുതൽ 15 വരെയുമുള്ള വാർഡുകൾ |
| 7. | നഗരിപ്പുറം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. എഫ്.1632, നഗരിപുരം, മണ്ണൂർ പോസ്റ്റ് -678642 | മണ്ണൂർ പഞ്ചായത്തിലെ 4 മുതൽ 10 വരെയുള്ള വാർഡുകൾ |
| 8. | മുണ്ടൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. എഫ്.1650, മുണ്ടൂർ 678592 | മുണ്ടൂർ |
| 9. | കോങ്ങാട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.പി.538, കോങ്ങാട് 678631 | കോങ്ങാട് |
| 10. | പറളി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.6808, പറളി 678612 | പറളി |
| 11. | പുതുപ്പരിയാരം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.1509, പുതുപ്പരിയാരം 678731 | പുതുപ്പരിയാരം |
| 12. | മലമ്പുഴ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. പി.907, കടുക്കാംകുന്നം, മലമ്പുഴ പോസ്റ്റ് - 678 651 | മലമ്പുഴ |
| 13. | കണ്ണാടി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.1572, കണ്ണാടി 678701 | കണ്ണാടി |
| 14. | അകത്തേത്തറ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.1514, അകത്തേതറ 678008 | അകത്തേത്തറ |
| 15. | കൊട്ടമ്പ് സർവീസ് സഹകരണ ബാങ്ക് | കൊട്ടമ്പ് |

| | | |
|---|---|---|
| | ക്ലിപ്തം നമ്പർ.പി.1412,കൊടുമ്പ് പി.ഒ 678551 | |

**ഒറ്റപ്പാലം താലൂക്ക് ;**

| ക്രമ നമ്പർ | സംഘത്തിൻ്റെ പേര് | പഞ്ചായത്ത്/നഗരസഭ |
|---|---|---|
| 1. | അമ്പലപ്പാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1512, വേങ്ങശ്ശേരി റോഡ്, അമ്പലപ്പാറ (പോസ്റ്റ്), -679512 | അമ്പലപ്പാറ പഞ്ചായത്ത് |
| 2. | ചെർപുളശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.589 ചെർപുളശ്ശേരി (പോസ്റ്റ്), പാലക്കാട് -679503 | ചെർപ്പുളശ്ശേരി നഗരസഭ |
| 3. | ശ്രീകൃഷ്ണപുരം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.1213, ശ്രീകൃഷ്ണപുരം (പോസ്റ്റ്), പാലക്കാട് -679513 | ശ്രീകൃഷ്ണപുരം,വെള്ളിനേഴി പഞ്ചായത്തുകൾ |
| 4. | വാണിയംകുളം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.പി.577, വാണിയംകുളം (പോസ്റ്റ്), പാലക്കാട് -679522 | വാണിയംകുളം പഞ്ചായത്ത് |
| 5. | വല്ലപ്പുഴ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.1207, നെല്ലായ (പോസ്റ്റ്), പെങ്ങാട്ടിരി -679335 | വല്ലപ്പുഴ,നെല്ലായ,കുലുക്കല്ലൂർ |
| 6. | ഷൊർണ്ണൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.പി.578, ഷൊർണ്ണൂർ (പോസ്റ്റ്), പാലക്കാട് -679121 | ഷൊർണ്ണൂർ നഗരസഭ |
| 7. | കടമ്പഴിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1215 കടമ്പഴിപ്പുറം (പോസ്റ്റ്), പാലക്കാട് -678633 | കടമ്പഴിപ്പുറം പഞ്ചായത്ത് |
| 8. | ഒറ്റപ്പാലം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.1164, ഒറ്റപ്പാലം (പോസ്റ്റ്), പാലക്കാട് -679101 | ഒറ്റപ്പാലം നഗര സഭ |

**പട്ടാമ്പി താലൂക്ക് ;**

| ക്രമ | സംഘത്തിൻ്റെ പേര് | പഞ്ചായത്ത്/മുൻസിപ്പാലിറ്റി |
|---|---|---|

| | | |
|---|---|---|
| **നമ്പർ** | പട്ടാമ്പി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.585, പട്ടാമ്പി പോസ്റ്റ് 679303 | പട്ടാമ്പി നഗരസഭ, മുതുതല, ഓങ്ങല്ലൂർ പഞ്ചായത്തുകൾ |
| 2. | കൊപ്പം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. നമ്പർ.F.1205, പുലാശ്ശേരി പോസ്റ്റ് 679307 | കൊപ്പം തിരുവേഗപ്പുറ,വിളയൂർ പഞ്ചായത്തുകൾ |
| 3. | നാഗലശ്ശേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.541, നാഗലശ്ശേരി പോസ്റ്റ് 679533 | നാഗലശ്ശേരി പഞ്ചായത്ത് |
| 4. | തിരുമിറ്റക്കോട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ചാത്തനൂർ പോസ്റ്റ് 679537 | തിരുമിറ്റക്കോട് പഞ്ചായത്ത് |
| 5. | പട്ടിത്തറ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.592, ആലൂർ പോസ്റ്റ് 679534 | പട്ടിത്തറ,കുമരനെല്ലൂർ പഞ്ചായത്തുകൾ |
| 6. | ആനക്കര സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.542, കുമ്പിടി പോസ്റ്റ് 679553 | ആനക്കര പഞ്ചായത്ത് |
| 7. | പള്ളിപ്പുറം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 2532, പരുതൂർ പോസ്റ്റ് 679305 | പരുതൂർ പഞ്ചായത്ത് |
| 8. | തൃത്താല സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.593, തൃത്താല പോസ്റ്റ് 679534 | തൃത്താല പഞ്ചായത്ത് |
| 9. | ചാലിശ്ശേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.579, ചാലിശ്ശേരി പോസ്റ്റ് 679536 | ചാലിശ്ശേരി പഞ്ചായത്ത് |

**മണ്ണാർക്കാട് താലൂക്ക്**

| **ക്രമനമ്പർ** | **സംഘത്തിൻ്റെ പേര്** | **പഞ്ചായത്ത്/ മുൻസിപ്പാലിറ്റി** |
|---|---|---|
| 1. | മണ്ണാർക്കാട് റൂറൽ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.922, മണ്ണാർക്കാട് (പോസ്റ്റ്) 678582 | മണ്ണാർക്കാട് നഗര സഭയും തെങ്കര പഞ്ചായത്തും |
| 2. | അലനല്ലൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.F.1178, അലനല്ലൂർ(പോസ്റ്റ്), അലനല്ലൂർ, പാലക്കാട്. 678601 | അലനല്ലൂർ പഞ്ചായത്ത് |
| 3. | കുമരംപുത്തൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.373, മണ്ണാർക്കാട് കോളേജ്, | കുമരംപുത്തൂർ പഞ്ചായത്ത് |

| | | |
|---|---|---|
| | (പോസ്റ്റ്), കുമരംപുത്തൂർ 678583 | |
| 4. | പൊറ്റശ്ശേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.543, പൊറ്റശ്ശേരി (പോസ്റ്റ്), കാഞ്ഞിരം 678598 | കാഞ്ഞിരപ്പുഴ പഞ്ചായത്ത് |
| 5. | കാരാക്കുറിശ്ശി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.1025, നീയർ അയ്യപ്പൻകാവ്, കാരാകുറിശ്ശി 678595 | കാരക്കുറിശ്ശി പഞ്ചായത്ത് |

5) നെല്ല് സംഭരണത്തിലേർപ്പെടുന്ന സഹകരണ സംഘങ്ങൾ ആധാർ അടിസ്ഥാനമാക്കി കർഷകരുടെ വിശദാംശങ്ങൾ ,ഭൂമിയുടെ അളവ് ,സംഭരിക്കുന്ന നെല്ലിൻ്റെ അളവ്, കൃഷിവകുപ്പ് പരിശോധിച്ച് ഉറപ്പുവരുത്തിയ ഫാർമർ രജിസ്ട്രേഷൻ നമ്പർ (FRN )എന്നിവ രേഖപ്പെടുത്തിയശേഷം സപ്ലൈകോയ്ക്ക് കൈമാറേണ്ടതാണ്. കൂടാതെ നെല്ല് സംഭരണത്തിലേർപ്പെടുന്ന സഹകരണ സംഘങ്ങൾ നോഡൽ ഏജൻസിയായ സപ്ലൈക്കോയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ സപ്ലൈകോ,കൊച്ചി

സഹകരണസംഘം രജിസ്ട്രാർ, തിരുവനന്തപുരം

ഡയറക്ടർ, കൃഷി വകുപ്പ്

ധനകാര്യ വകുപ്പ്

വൈദ്യുതിവകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ്

സി.ഇ.ഒ. കേരള ബാങ്ക്

വിവരപൊതുജനസമ്പർക്ക വകുപ്പ് (വെബ്& ന്യൂ മീഡിയ)

ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെപ്രൈവറ്റ് സെക്രട്ടറിക്ക്

മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്

ചീഫ് സെക്രട്ടറി യുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ക്ക്

ധനകാര്യവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്
സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്
സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ്- സഹകരണ സംഘങ്ങൾ മുഖേന പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം- നടപ്പ് സീസണിൽ പാലക്കാട് ജില്ലയിൽ നെല്ല് സംഭരണത്തിന് സന്നദ്ധരായ സഹകരണ സംഘങ്ങൾക്ക് നെല്ല് സംഭരണത്തിന് അനുമതി നല്കുന്നത് - വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(കൈ) നം.5/2026/F&CS തീയതി,തിരുവനന്തപുരം, 20-02-2026

---

പരാമർശം:- 1. സ.ഉ.(കൈ) നം. 03/2026/FCS തീയതി 11/02/2026.

2. 19/02/2026 തീയതിയിൽ ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ സന്നദ്ധരായ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന നടപ്പ് സീസണിലെ നെല്ല് സംഭരിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നല്കി ഉത്തരവായിരുന്നു.

2) പരാമർശം (2) ലെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നവ ഉടനടി നടപ്പിൽ വരുത്തുന്നതിന് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

**i)**സപ്ലൈക്കോ മില്ലുകളുമായി കരാറുകൾ ഒപ്പിട്ട്, മുൻപ് നടപ്പിലാക്കിയിരുന്ന രീതിയിൽ തന്നെ നെല്ല് സംഭരണം തുടർന്നും മുൻപോട്ട് പോകുക

**ii)** മില്ലുകളും സപ്ലൈക്കോയും ചേർന്ന് ഉടനെ തന്നെ പാടശേഖരങ്ങളിൽ നിന്ന് നെല്ല് എടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക. 20/02/2026 രാവിലെയോടെ തന്നെ പാലക്കാട് ജില്ലയിൽ നെല്ല് സംഭരണം ആരംഭിക്കേണ്ടതാണ്.

**iii) PACS** ഉം സപ്ലൈക്കോയും തമ്മിലുള്ള പണമിടപാട് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി തയ്യാറാക്കുന്ന കരാർ, സർക്കാർ അനുമതിയോടു കൂടി സപ്ലൈക്കോ പാലക്കാട് ജില്ലാ കളക്ടർക്കു നൽകേണ്ടതാണ്.

**iv) PACS** ഉം സപ്ലൈക്കോയും തമ്മിലുള്ള കരാർ എല്ലാ ബന്ധപ്പെട്ട **PACS** ഉം ഒപ്പിട്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

**v)**പാഡി മാർക്കറ്റിംഗ് ഓഫീസർ പരിശോധിച്ച് സമർപ്പിക്കുന്ന **PRS** ന്റെ

അടിസ്ഥാനത്തിൽ നെല്ലിന്റെ സംഭരണവില ഉടൻ തന്നെ കർഷകർക്ക് **PACS** അനുവദിക്കണം.

**3)** മേൽ തീരുമാനങ്ങൾ ഉടനടി നടപ്പിലാക്കുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും പാലക്കാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
കമ്മീഷണർ, ഭക്ഷ്യ പൊതുവിതരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്),തിരുവനന്തപുരം
ധനകാര്യ (അഗ്രി -സി)വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. സഹകരണ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ്- സഹകരണ സംഘങ്ങൾ മുഖേന പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം - നടപ്പ സീസണിൽ പാലക്കാട് ജില്ലയിൽ നെല്ല് സംഭരണത്തിന് PRS വായ്പ അനുവദിക്കുന്നത്- സന്നദ്ധരായ സഹകരണസംഘങ്ങളുടെ പുതുക്കിയ ലിസ്റ്റിന് അനുമതി നല്കി ഉത്തരവാകുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(കൈ) നം.10/2026/F&CS തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം.3/2026/F&CS തീയതി 11/02/2026
2. സ.ഉ.(കൈ) നം.5/2026/F&CS തീയതി 20/02/2026
3. സ.ഉ.(കൈ) നം.8/2026/F&CS തീയതി 06/03/2026
4. സഹകരണ സംഘം രജിസ്ട്രാറുടെ 21/02/2026 തീയതിയിലെ RCS/11822/2025-MP(2) നമ്പർ കത്ത്.
5. U.O.(F) Co-Op-B2/196/2023-Co-Op- Part (2)

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിൽ നടപ്പ സീസണിൽ നെല്ല് സംഭരണത്തിന് സഹകരണ സംഘങ്ങൾക്ക് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിലെ പട്ടികയിൽ ഉൾപ്പെട്ടിരുന്നത് 66 സഹകരണ സംഘങ്ങളാണ്. എന്നാൽ തുടർന്ന് കൂടുതൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) സന്നദ്ധത അറിയിക്കുകയും നിലവിലെ പട്ടികയിലുണ്ടായിരുന്ന ചില സംഘങ്ങൾ ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയും സംഭരിക്കപ്പെടുന്ന പഞ്ചായത്തുകളും/താലൂക്കുകളും പുനർക്രമീകരണങ്ങൾ ആവശ്യമായി വരുകയും ചെയ്ത സാഹചര്യത്തിൽ നെല്ല് സംഭരണത്തിന് സന്നദ്ധതരായ 74 സംഘങ്ങളുടെ പുതുക്കിയ പട്ടിക ലഭ്യമാക്കി നിലവിൽ പ്രസിദ്ധീകരിച്ച പട്ടിക റദ്ദ് ചെയ്ത് പുതുക്കിയ പട്ടിക പ്രസിദ്ധീകരിക്കുന്നതിന് പരാമർശം (4), (5) എന്നിവ പ്രകാരം സഹകരണ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്യുന്നതിനും, ചുവടെ ചേർക്കുന്ന പട്ടികയിലെ സഹകരണ സംഘങ്ങൾക്ക് നടപ്പു സീസണിൽ പാലക്കാട് ജില്ലയിൽ നെല്ല് സംഭരണം നടത്തുന്നതിന് PRS വായ്പ അനുവദിക്കുന്നതിന് സഹകരണ സംഘങ്ങളുടെ പുതുക്കിയ ലിസ്റ്റിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

**1. ആലത്തൂർ താലൂക്ക്**

| ക്രമ നം. | സംഘങ്ങളുടെ പേര് | പഞ്ചായത്ത് |
|---|---|---|
| 1. | ആലത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1222 ബാങ്ക് റോഡ് ആലത്തൂർ, പിൻ 678541 | ആലത്തൂർ,മേലാർകോട് പഞ്ചായത്തുകൾ |

| | | |
|---|---|---|
| | ഫോൺ.04922222374 | |
| 2. | കുഴൽമന്ദം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1195 കുഴൽമന്ദം (പോസ്റ്റ്) പിൻ 678702 | കുഴൽമന്ദം പഞ്ചായത്ത് |
| 3. | എരിമയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.507 എരിമയൂർ (പോസ്റ്റ്) പിൻ 678546 | എരിമയൂർ പഞ്ചായത്ത് |
| 4. | കണ്ണമ്പ്ര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1221 കണ്ണമ്പ്ര (പോസ്റ്റ്) പിൻ 678686 | കണ്ണമ്പ്ര പഞ്ചായത്ത് |
| 5. | കഴനി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1218 കാവശ്ശേരി (പോസ്റ്റ്) പിൻ 678543 | കാവശ്ശേരി പഞ്ചായത്ത് |
| 6. | കിഴക്കഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.503,കിഴക്കഞ്ചേരി (പോസ്റ്റ്) പിൻ 678684 | കിഴക്കഞ്ചേരി പഞ്ചായത്ത് |
| 7. | കോട്ടായി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1223, മേജർ റോഡ് കോട്ടായി, പിൻ 678572 ഫോൺ.9562285225 | കോട്ടായി പഞ്ചായത്ത് |
| 8. | കുത്തനൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1563 കുത്തനൂർ (പോസ്റ്റ്) പിൻ 678721 ഫോൺ.8075355540 | കുത്തനൂർ പഞ്ചായത്ത് |
| 9. | മഞ്ഞളൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.501 മഞ്ഞളൂർ (പോസ്റ്റ്), പാലക്കാട്, പിൻ 678502 | തേങ്കുറിശ്ശി വില്ലേജ് 2 |
| 10. | പഴമ്പാലക്കോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.492പഴമ്പാലക്കോട് (പോസ്റ്റ്) പിൻ 678544 ഫോൺ.9947290724 | തരൂർ പഞ്ചായത്ത് |
| 11. | പെരിങ്ങോട്ടുകുറിശ്ശി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.519,പിലാപ്പുള്ളി, പരുത്തിപ്പുള്ളി,ഫോൺ.04922216222 | പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്ത് |
| 12. | പുതുക്കോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.1151 പുതുക്കോട് (പോസ്റ്റ്), പാലക്കാട്, പിൻ 678687 | പുതുക്കോട് പഞ്ചായത്ത് |
| 13. | തണ്ണിരങ്കാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1605 മാത്തൂർ (പോസ്റ്റ്), പാലക്കാട്, പിൻ 678571 ഫോൺ.9188247512 | മാത്തൂർ പഞ്ചായത്ത് |
| 14. | വടക്കഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1219വടക്കഞ്ചേരി (പോസ്റ്റ്), പാലക്കാട്, പിൻ 678683, ഫോൺ.04922255260 | വടക്കഞ്ചേരി,വണ്ടാഴി പഞ്ചായത്തുകൾ |
| 15. | വിളയഞ്ചാത്തനൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1599 തേങ്കുറിശ്ശി (പോസ്റ്റ്), പാലക്കാട്,പിൻ 678671 | തേങ്കുറിശ്ശി വില്ലേജ് 1 |

**2. ചിറ്റൂർ താലൂക്ക്**

| ക്രമനം | സംഘത്തിന്റെ പേര് | പഞ്ചായത്ത്/മുൻസിപ്പാലിറ്റി |
|---|---|---|

| | | |
|---|---|---|
| 1. | എലവഞ്ചേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.പി.517, കരിങ്കുളം (പോസ്റ്റ്), എലവഞ്ചേരി, പാലക്കാട്, 678508 | എലവഞ്ചേരി പഞ്ചായത്ത് |
| 2. | നല്ലേപ്പിള്ളി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.ആർ.43, നല്ലേപ്പിള്ളി (പോസ്റ്റ്), പാലക്കാട് -678553 | നല്ലേപ്പിള്ളി പഞ്ചായത്ത് |
| 3. | കൊടുവായൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.756, കൊടുവായൂർ (പോസ്റ്റ്), പാലക്കാട്, പിൻ 678501, | കൊടുവായൂർ പഞ്ചായത്ത് |
| 4. | വല്ലങ്ങി വിത്തനശ്ശേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.282, വിത്തനശ്ശേരി, നെന്മാറ, പാലക്കാട. 678508 | നെന്മാറ പഞ്ചായത്ത് |
| 5. | ചിറ്റൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.18, അണിക്കോട്(പോസ്റ്റ്), ചിറ്റൂർ, പാലക്കാട്, 678101 | ചിറ്റൂർ തത്തമംഗലം മുൻസിപ്പാലിറ്റിയിലെ 6 മുതൽ 22 വരെയുള്ള വാർഡുകൾ |
| 6. | പല്ലശ്ശേന സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1589 ചിറക്കോട്, പല്ലശ്ശേന (പോസ്റ്റ്), പാലക്കാട് 678 505 | പല്ലശ്ശേന പഞ്ചായത്ത് |
| 7. | പെരുമാട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 757 വണ്ടിത്താവളം, (പോസ്റ്റ്), പാലക്കാട് -678534 | പെരുമാട്ടി പഞ്ചായത്ത് |
| 8. | തത്തമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.502 തത്തമംഗലം, (പോസ്റ്റ്), പാലക്കാട് 678102 | തത്തമംഗലം വില്ലേജ് |
| 9. | പട്ടഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 58 പട്ടഞ്ചേരി(പോസ്റ്റ്), പാലക്കാട് -678532 | പട്ടഞ്ചേരി വില്ലേജ് |
| 10. | അയിലൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 507, അയിലൂർ (പോസ്റ്റ്), പാലക്കാട്. 678510 | അയിലൂർ പഞ്ചായത്ത് |
| 11. | മുതലമട സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1197, കാമ്പ്രത്തുചള്ള, മുതലമട (പോസ്റ്റ്), 678534 | മുതലമട പഞ്ചായത്ത് |
| 12. | കൊല്ലങ്കോട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 7561, കൊല്ലങ്കോട് (പോസ്റ്റ്), പാലക്കാട്, 678506 | കൊല്ലങ്കോട് പഞ്ചായത്ത് |
| 13. | വടവന്നൂർ സർവ്വീസ് സഹക രണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1217, വടവന്നൂർ(പോസ്റ്റ്), പാലക്കാട് -678504 | വടവന്നൂർ പഞ്ചായത്ത് |
| 14. | കൊഴിഞ്ഞാമ്പാറ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.പി.926, കണ്ണൻമേട്, കൊഴിഞ്ഞാമ്പാറ (പോസ്റ്റ്), പാലക്കാട്.678555 | കൊഴിഞ്ഞാമ്പാറ,എരുത്തേമ്പതി പഞ്ചായത്തുകളും വലിയവാലമ്പട്ടി വില്ലേജുകൾ |
| 15. | പുതുനഗരം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.പി.1108, പുതുനഗരം പി.ഒ, പിൻ 678503 | പുതുനഗരം പഞ്ചായത്ത് |
| 16. | കോഴിപ്പാറ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.696,കോഴിപ്പാറ പി.ഒ, പിൻ 678557 | വടകരപ്പതി പഞ്ചായത്ത് |

**3. പാലക്കാട് താലൂക്ക്**

| ക്രമ നം | സംഘത്തിൻ്റെ പേര് | പഞ്ചായത്ത് /മുൻസിപ്പാലിറ്റി |
|---|---|---|
| 1. | എലപ്പള്ളി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ് 1193, പാറ, എലപ്പള്ളി - 678622 | എലപ്പള്ളി പഞ്ചായത്ത് |
| 2. | പൊൽപ്പള്ളി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്. 1 1 9 8 , കല്ലുകുട്ടിയാൽ, പൊൽപുളളി 678552 | പൊൽപ്പള്ളി പഞ്ചായത്ത് |
| 3. | പെരുവെമ്പ് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. എഫ്.1648, പെരുവെമ്പ 678531 | പെരുവെമ്പ് പഞ്ചായത്ത് |
| 4. | തട്ടുക്കശ്ശേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.534, കേരളശ്ശേരി പോസ്റ്റ് - 678641 | കേരളശ്ശേരി പഞ്ചായത്ത് |
| 5. | മങ്കര സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.പി.363, മങ്കര 678613 | മങ്കര പഞ്ചായത്ത് |
| 6. | മണ്ണൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. എഫ്.1582, മണ്ണൂർ പോസ്റ്റ് - 678642 | മണ്ണൂർ പഞ്ചായത്തിലെ 1 മുതൽ 3 വരെയും 1 1 മുതൽ 1 5 വരെയുമുള്ള വാർഡുകൾ |
| 7. | നഗരിപ്പുറം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. എഫ്.1632, നഗരിപുരം, മണ്ണൂർ പോസ്റ്റ് - 678642 | മണ്ണൂർ പഞ്ചായത്തിലെ 4 മുതൽ 10 വരെയുള്ള വാർഡുകൾ |
| 8. | മുണ്ടൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. എഫ്.1650, മുണ്ടൂർ 678592 | മുണ്ടൂർ പഞ്ചായത്ത് |
| 9. | കോങ്ങാട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.പി.538, കോങ്ങാട് 678631 | കോങ്ങാട് പഞ്ചായത്ത് |
| 10. | പറളി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.6808, പറളി 678612 | പറളി പഞ്ചായത്ത് |
| 11. | പുതുപ്പരിയാരം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.1509, പുതുപ്പരിയാരം 678731 | പുതുപ്പരിയാരം പഞ്ചായത്ത് |
| 12. | മലമ്പുഴ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. പി.907, കടുക്കാംകുന്നം, മലമ്പുഴ പോസ്റ്റ് - 678 651 | മലമ്പുഴ പഞ്ചായത്ത് |
| 13. | കണ്ണാടി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.1572, കണ്ണാടി 678701 | കണ്ണാടി പഞ്ചായത്ത് |
| 14. | അകത്തേത്തറ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.1514, അകത്തേതറ പിൻ 678008 | അകത്തേത്തറ പഞ്ചായത്ത് |
| 15. | കൊടുമ്പ് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. പി.1412,കൊടുമ്പ് പി.ഒ 678551 | കൊടുമ്പ് പഞ്ചായത്ത് |
| 16. | പാലക്കാട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. എഫ്.1200 പാലക്കാട് പി.ഒ പിൻ; 678001 | പാലക്കാട് മുൻസിപ്പാലിറ്റി, പിരായിരി പഞ്ചായത്ത് ,മരുതറോഡ് പഞ്ചായത്ത് |
| 17 | കഞ്ചിക്കോട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം | പുതുശ്ശേരി പഞ്ചായത്ത് |

| | | |
|---|---|---|
| [illegible] | [illegible] നമ്പർ. എഫ്.1199, കഞ്ചിക്കോട് പി.ഒ ,പാലക്കാട്,പിൻ 678621 | [illegible] |

**4. ഒറ്റപ്പാലം താലൂക്ക്**

| ക്രമ നം. | സംഘത്തിന്റെ പേര് | പഞ്ചായത്ത് / മുൻസിപ്പാലിറ്റി |
|---|---|---|
| 1. | അമ്പലപ്പാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1512, വേങ്ങശ്ശേരി റോഡ്, അമ്പലപ്പാറ (പോസ്റ്റ്), -679512 | അമ്പലപ്പാറ പഞ്ചായത്ത്, ലക്കിടി പേരൂർ പഞ്ചായത്ത് |
| 2. | ചെർപ്പുളശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.589 ചെർപ്പുളശ്ശേരി (പോസ്റ്റ്), പാലക്കാട് -679503 | ചെർപ്പുളശ്ശേരി നഗരസഭ,വെള്ളിനേഴി പഞ്ചായത്ത് |
| 3. | ശ്രീകൃഷ്ണപുരം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.1213, ശ്രീകൃഷ്ണപുരം (പോസ്റ്റ്), പാലക്കാട് -679513 | ശ്രീകൃഷ്ണപുരം പഞ്ചായത്ത് ,പൂക്കോട്ടുകാവ് |
| 4. | വാണിയംകുളം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.പി.577, വാണിയംകുളം (പോസ്റ്റ്), പാലക്കാട് -679522 | വാണിയംകുളം പഞ്ചായത്ത് |
| 5. | വല്ലപ്പുഴ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.1207, നെല്ലായ (പോസ്റ്റ്), പെങ്ങാട്ടിരി -679335 | വല്ലപ്പുഴ,നെല്ലായ,കുലുക്കല്ലൂർ പഞ്ചായത്തുകൾ |
| 6. | ഷൊർണ്ണൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.പി.578, ഷൊർണ്ണൂർ (പോസ്റ്റ്), പാലക്കാട് -679121 | ഷൊർണ്ണൂർ നഗരസഭ |
| 7. | കടമ്പഴിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1215 കടമ്പഴിപ്പുറം (പോസ്റ്റ്), പാലക്കാട് -678633 | കടമ്പഴിപ്പുറം പഞ്ചായത്ത്,കരിമ്പുഴ പഞ്ചായത്ത് |

| | | |
|---|---|---|
| | | |
| 8. | ഒറ്റപ്പാലം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.1164, ഒറ്റപ്പാലം (പോസ്റ്റ്), പാലക്കാട് -679101 | ഒറ്റപ്പാലം നഗര സഭ |
| 9. | കോതകുറിശ്ശി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.1049, പനമണ്ണ.പി.ഒ,പിൻ 679501 | തൃക്കിടീരി, ചളവറ, അനങ്ങനടി, പഞ്ചായത്തുകൾ |

5. **പട്ടാമ്പി താലൂക്ക് ;**

| ക്രമ നം. | സംഘത്തിൻ്റെ പേര് | പഞ്ചായത്ത്/മുൻസിപ്പാലിറ്റി |
|---|---|---|
| 1. | പട്ടാമ്പി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.585, പട്ടാമ്പി പോസ്റ്റ് 679303 | പട്ടാമ്പി നഗരസഭ, മുതുതല, ഓങ്ങല്ലൂർ പഞ്ചായത്തുകൾ |
| 2. | കൊപ്പം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. നമ്പർ.F.1205, പുലാശ്ശേരി പോസ്റ്റ് 679307 | കൊപ്പം തിരുവേഗപ്പുറ,വിളയൂർ പഞ്ചായത്തുകൾ |
| 3. | നാഗലശ്ശേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.541, നാഗലശ്ശേരി പോസ്റ്റ് 679533 | നാഗലശ്ശേരി പഞ്ചായത്ത് |
| 4. | തിരുമിറ്റക്കോട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ചാത്തനൂർ പോസ്റ്റ് 679537 | തിരുമിറ്റക്കോട് പഞ്ചായത്ത് |
| 5. | പട്ടിത്തറ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.592, ആലൂർ പോസ്റ്റ് 679534 | പട്ടിത്തറ,പഞ്ചായത്ത് |
| 6. | ആനക്കര സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.542, കുമ്പിടി പോസ്റ്റ് 679553 | ആനക്കര പഞ്ചായത്ത് |
| 7. | പള്ളിപ്പുറം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.2532, പരുതൂർ പോസ്റ്റ് 679305 | പരുതൂർ പഞ്ചായത്ത് |
| 8. | തൃത്താല സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.593, തൃത്താല പോസ്റ്റ് 679534 | തൃത്താല പഞ്ചായത്ത് |
| 9. | ചാലിശ്ശേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.579, ചാലിശ്ശേരി പോസ്റ്റ് 679536 | ചാലിശ്ശേരി പഞ്ചായത്ത് |
| 10. | കുമരനെല്ലൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.970,കുമരനെല്ലൂർ പി.ഒ,പിൻ 679552 | കപ്പൂർ പഞ്ചായത്ത് |

6. **മണ്ണാർക്കാട് താലൂക്ക്**

| ക്രമനം | സംഘത്തിൻ്റെ പേര് | പഞ്ചായത്ത്/ മുൻസിപ്പാലിറ്റി |
|---|---|---|

| | | |
|---|---|---|
| 1. | മണ്ണാർക്കാട് റൂറൽ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.922, മണ്ണാർക്കാട് (പോസ്റ്റ്) 678582 | മണ്ണാർക്കാട് നഗര സഭയും തെങ്കര പഞ്ചായത്തും |
| 2. | അലനല്ലൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. F . 1178 , അലനല്ലൂർ(പോസ്റ്റ്), അലനല്ലൂർ, പാലക്കാട്. 678601 | അലനല്ലൂർ പഞ്ചായത്ത്,കോട്ടോപ്പാടം പഞ്ചായത്ത് |
| 3. | കുമരംപുത്തൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. P . 373 , മണ്ണാർക്കാട് കോളേജ്, (പോസ്റ്റ്), കുമരംപുത്തൂർ 678583 | കുമരംപുത്തൂർ പഞ്ചായത്ത് |
| 4. | പൊറ്റശ്ശേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.543, പൊറ്റശ്ശേരി (പോസ്റ്റ്), കാഞ്ഞിരം 678598 | കാഞ്ഞിരപ്പുഴ പഞ്ചായത്ത്,തച്ചമ്പാറ പഞ്ചായത്ത് |
| 5. | കാരാക്കുറിശ്ശി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.P.1025, നീയർ അയ്യപ്പൻകാവ്, കാരാകുറിശ്ശി 678595 | കാരാക്കുറിശ്ശി പഞ്ചായത്ത് |
| 6. | കല്ലടിക്കോട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.പി. നമ്പർ 7489.പാലക്കാട് പിൻ678596 | കരിമ്പ പഞ്ചായത്ത് |
| 7. | ചെത്തല്ലൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 7489.പാലക്കാട് പിൻ678596 | തച്ചനാട്ടുകര പഞ്ചായത്ത് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ സപ്ലൈകോ,കൊച്ചി
സഹകരണസംഘം രജിസ്ട്രാർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
ഡയറക്ടർ, കൃഷി വകുപ്പ്
ധനകാര്യ (അഗ്രി.സി) വകുപ്പ്
വിവരപൊതുജനസമ്പർക്ക വകുപ്പ് (വെബ്& ന്യൂ മീഡിയ)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ പി.എസ്. ന്

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ക്ക്
ധനകാര്യവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്
സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്
സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ്-നെല്ല് സംഭരണത്തിൽ പാലക്കാട് ജില്ലയിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തിയ സർക്കാർ ഉത്തരവുകൾ മരവിപ്പിച്ചും, നെല്ല് സംഭരണത്തിൽ നിന്നും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ ഒഴിവാക്കി തൽസ്ഥാനത്തേക്ക് ബാങ്കിംഗ് കൺസോർഷ്യത്തിനെ ചുമതലപ്പെടുത്തിയും ടി കൺസോർഷ്യത്തിന്റെ പി.ആർ.എസ് പരിധി **1600** കോടി രൂപയായി ഉയർത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(കൈ) നം.**13/2026/F&CS** തീയതി,തിരുവനന്തപുരം, **05-06-2026**

---

പരാമർശം:-
1. **16/09/2025** തീയതി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗനടപടിക്കുറിപ്പ്
2. സ.ഉ(സാധാ)നം.**443/2025/CO-OP**തീയതി **21/10/2025**
3. സ.ഉ(കൈ)നം. **2/2026/CO-OP** തീയതി **14/01/2026**
4. സ.ഉ(കൈ)നം. **16/2026/**അഗ്രി തീയതി **01/02/2026**
5. സ.ഉ(കൈ)നം. **3/2026/FCS** തീയതി **11/02/2026**
6. സ.ഉ(കൈ)നം.**5/2026/F&CS**തീയതി **20/02/2026**
7. സ. ഉ. (കൈ)നം.**8/2026/F&CS** തീയതി **6/03/2026**
8. സ.ഉ(കൈ)നം. **10/2026/F&CS** തീയതി **13/03/2026**
9. സ.ഉ(സാധാ)നം.**139/2023/F&CS**തീയതി **28/3/2023**
10. സ.ഉ(സാധാ)നം**436/2023/F&CS**തീയതി **03/11/2023**
11. സ.ഉ(കൈ)നം.**12/2026/F&CS**തീയതി **04/04/2026**
12. സപ്ലൈകോ മാനേജിംഗ് ഡയറക്ടറുടെ **02/06/2026** തീയതിയിലെ **KSCSC/129/23/AM (ACCTS)(F)** നമ്പർ കത്ത്
13. **02/06/2026** തീയതി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗനടപടിക്കുറിപ്പ്

**ഉത്തരവ്**

പരാമർശം **(2)** പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് സഹകരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ചില സാങ്കേതിക തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, നെല്ല്

സംഭരണത്തിലെ സംസ്ഥാനത്തിലെ ഏജൻസിയായ സപ്ലൈകോയെ നിലനിർത്തിക്കൊണ്ടും സഹകരണ സംഘങ്ങളും നോഡൽ സഹകരണ സംഘങ്ങളും മുഖേന നെല്ല് സംഭരിക്കുന്നതിന് ഒരു സ്കീം തത്വത്തിൽ അംഗീകരിച്ചും സ്കീം സംബന്ധിച്ച പ്രവർത്തന ചട്ടക്കൂടും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ധനകാര്യം, കൃഷി, ഭക്ഷ്യ-സിവിൽ സപ്ലൈസ്, തദ്ദേശ-സ്വയംഭരണം, സഹകരണം എന്നീ വകുപ്പ് സെക്രട്ടറിമാരുടെ ഒരു കമ്മിറ്റി രൂപീകരിച്ചും പരാമർശം (3) പ്രകാരം സഹകരണ വകുപ്പും ,നെല്ല് സംഭരണ വിദഗ്ധ സമിതിയുടെ ശിപാർശകൾക്ക് അംഗീകാരം നൽകി കർമ്മപദ്ധതിയുടെ വകുപ്പ് തല ഏകോപനത്തിനായി ചീഫ് സെക്രട്ടറിതല ടാസ്ക് ഫോഴ്സ് രൂപീകരണത്തിനും പാലക്കാട് ജില്ലയിൽ നവീകരണ പദ്ധതിക്കുമായി പരാമർശം (4) പ്രകാരം കൃഷി (WTO സെൽ) വകുപ്പും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) തുടർന്ന്, പാലക്കാട് ജില്ലയിൽ നെല്ല് സംഭരണത്തിന് സന്നദ്ധരായ 66 സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി നെല്ല് സംഭരണത്തിന് അനുമതി നല്കി പരാമർശം (5) പ്രകാരവും ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തി പരാമർശം (6) പ്രകാരവും ഉത്തരവാകുകയും പ്രാഥമിക സഹകരണ സംഘങ്ങളും സപ്ലൈകോയും തമ്മിൽ ധാരണാപത്രത്തിലേർപ്പെടാൻ സപ്ലൈകോയ്ക്ക് അനുമതി നല്കി പരാമർശം (7) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും പിന്നീട് പരാമർശം (5) ലെ ഉത്തരവിൽ ഭേദഗതി വരുത്തി 74 സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി പരാമർശം (8) പ്രകാരം പുതുക്കിയ ലിസ്റ്റിന് അനുമതി നല്കിയും ഉത്തരവായിരുന്നു.

3) പാലക്കാട് ജില്ലയിൽ നെല്ല് സംഭരണം PACS നെ ഏൽപ്പിക്കുന്നതിന് മുൻപുണ്ടായിരുന്ന എസ്.ബി.ഐ- കാനറാ കൺസോർഷ്യം ബാങ്കുകളിൽ നിന്നുള്ള പി.ആർ.എസ് വായ്പാ പരിധി പരാമർശം (9), (10) എന്നിവ പ്രകാരം നിലവിൽ 1100 കോടി രൂപയാണ്.എന്നാൽ നെല്ല് സംഭരണം PACS നെ ഏൽപ്പിച്ചതിന് ശേഷം പാലക്കാട് ജില്ലയിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ നിന്നും PRS വായ്പ ലഭ്യമാക്കുന്നതിന് നിലവിലെ PRS വായ്പ പരിധിയായ 1100 കോടി രൂപയുടെ 50% വരെ ഉയർത്തിക്കൊണ്ട് പരാമർശം (11) പ്രകാരം ഉത്തരവാകുകയും 06/04/2026 മുതൽ പാലക്കാട് ജില്ലയിൽ പ്രാഥമിക സഹകരണ സംഘങ്ങൾ PRS വായ്പ അനുവദിക്കാൻ ആരംഭിക്കുകയും ചെയ്തു.

4) നെല്ല് സംഭരണം കഴിഞ്ഞിട്ടും കർഷകർക്ക് പി.ആർ.എസ് അനുവദിക്കാത്ത സാഹചര്യത്തിൽ, നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചത് മൂലം 2026-27 സാമ്പത്തിക വർഷം അധികമായി ഫണ്ട് ആവശ്യം വരുന്നതാണെന്നും PRS വായ്പ പദ്ധതിയിൽ നിന്നും PACS-നെ ഒഴിവാക്കി, കൺസോർഷ്യം ബാങ്ക് മുഖേന മാത്രം PRS വായ്പ നൽകുവാൻ

തീരുമാനമായിട്ടുള്ള സാഹചര്യത്തിലും **PACS** മുഖേന **PRS** വായ്പ നൽകുന്നതിനായി, സർക്കാർ അംഗീകാരം നൽകിയ പുതുക്കിയ **1650** കോടി രൂപയുടെ **PRS** വായ്പ പരിധിയിൽ **SBI-Canara** ബാങ്കുകളുടെ **PRS** വായ്പകൾ അനുവദിക്കാനുള്ള അനുമതിയും, അതിനായി ഈ ബാങ്കുകളുടെ നിലവിലെ **PRS** വായ്പ പരിധി മുകളിൽ സൂചിപ്പിച്ച പ്രകാരം ഉയർത്തുന്നതിനുമുള്ള നടപടികളും സ്വീകരിക്കണമെന്നും പരാമർശം **(12)** പ്രകാരം സപ്ലൈകോ മാനേജിംഗ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

**5)** നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നിലനില്ക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാമർശം **(13)** പ്രകാരം ചേർന്ന യോഗത്തിൽ, പാലക്കാട് ജില്ലയിലെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ സർക്കാർ ഉത്തരവുകളും മരവിപ്പിച്ച് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട എല്ലാ നടപടിയും ( **PRS** തുക അനുവദിക്കുന്നത് ഉൾപ്പെടെ) പൂർണ്ണമായും സപ്ലൈകോയിൽ നിക്ഷിപ്തമാക്കുവാനും പാലക്കാട് ജില്ലയിലെ നെല്ല് സംഭരണത്തിലെ **PRS** വായ്പ അനുവദിക്കുന്നതിൽ നിന്നും പ്രാഥമിക സഹകരണ സംഘങ്ങളെ ഒഴിവാക്കി, നിലവിലുള്ള **SBI- Canara Consortium** ൽ നിന്നും **PRS** വായ്പ അനുവദിക്കാനും സപ്ലൈകോയുടെ നിലവിലുള്ള **1100** കോടി രൂപ **PRS** വായ്പാ പരിധി **1600** കോടി രൂപയായി ഉയർത്തുവാനും പാലക്കാട് ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും **PRS** വായ്പ ലഭ്യമാക്കുന്നതിന് നിലവിലെ **PRS** വായ്പ പരിധിയായ **1100** കോടി രൂപയുടെ **50%** വരെ തുക ഉയർത്തി ഉത്തരവായ പരാമർശം **(10)** ലെ ഉത്തരവ് റദ്ദ് ചെയ്യാനും എസ്.ബി.ഐ കാനറാ ബാങ്ക് കൺസോർഷ്യവുമായി സപ്ലൈകോ **1600** കോടി രൂപയായി കടമെടുപ്പ് പരിധി ഉയർത്തി കൊണ്ടുള്ള കരാർ ഒപ്പിടുന്ന തീയതിവരെ **PACS** അനുവദിക്കുന്ന തുക പലിശയടക്കം സപ്ലൈകോ **PACS** ന് തിരികെ നൽകേണ്ടതാണെന്നും തീരുമാനിച്ചിരുന്നു.

**6)** സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു.പരാമർശം **(12)** ലെ സപ്ലൈകോ മാനേജിംഗ് ഡയറക്ടറുടെ ശിപാർശ, പരാമർശം **(13)** ലെ യോഗ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ **PACS** മുഖേന നെല്ല് സംഭരിച്ചതിന് ശേഷവും കർഷകർക്ക് പി.ആർ.എസ് തുക ലഭിക്കുന്നില്ലായെന്നത് അതീവ ഗുരുതര പ്രതിസന്ധി സൃഷ്ട്ടിച്ച സാഹചര്യത്തിൽ, പാലക്കാട് ജില്ലയിലെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് **05.01.2026** മുതൽ പുറപ്പെടുവിച്ചിട്ടുള്ള പരാമർശം **(2), (3), (4),(5),(6), (7),(8),(11)** എന്നീ സർക്കാർ ഉത്തരവുകൾ മരവിപ്പിച്ചും നെല്ല് സംഭരണവുമായി ബന്ധപ്പെട്ട (പി.ആർ.എസ് തുക അനുവദിക്കുന്നത് ഉൾപ്പെടെ) എല്ലാ നടപടിയും സപ്ലൈകോയിൽ നിക്ഷിപ്തമാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**7)** പാലക്കാട് ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും **PRS** വായ്പ ലഭ്യമാക്കുന്നതിന് നിലവിലെ **PRS** വായ്പ പരിധിയായ **1100** കോടി

രൂപയുടെ 50% വരെ തുക ഉയർത്തി ഉത്തരവായ പരാമർശം (11) ലെ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും, പാലക്കാട് ജില്ലയിലെ നെല്ല് സംഭരണത്തിലെ PRS വായ്പ അനുവദിക്കുന്നതിൽ നിന്നും പ്രാഥമിക സഹകരണ സംഘങ്ങളെ ഒഴിവാക്കി, നിലവിലുള്ള എസ്.ബി.ഐ - കാനറാ ബാങ്കുകളുടെ
കൺസോർഷ്യത്തിൽ നിന്നും PRS വായ്പ അനുവദിക്കാൻ സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ, പരാമർശം( 9),( 10) എന്നിവ പ്രകാരം സപ്ലൈകോയുടെ നിലവിലുള്ള 1100 കോടി രൂപ PRS വായ്പാ പരിധി 1600 കോടി രൂപയായി ഉയർത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

8) എസ്.ബി.ഐ - കാനറാ ബാങ്ക് കൺസോർഷ്യവുമായി സപ്ലൈകോ 1600 കോടി രൂപയായി കടമെടുപ്പ് പരിധി ഉയർത്തി കൊണ്ടുള്ള കരാർ ഒപ്പിടുന്ന തീയതിവരെ PACS അനുവദിക്കുന്ന തുക പലിശയടക്കം സപ്ലൈകോ PACS ന് തിരികെ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

കമ്മീഷണർ, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് , തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ , കൊച്ചി
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം.
പൊതുഭരണ(എസ്.സി)വകുപ്പ്(04/06/2026തീയതിയിലെഇനം നം..........പ്രകാരം)
ധനകാര്യ(അഗ്രി.സി)വകുപ്പ്(380870/Agri-C1/175-FIN-Part(1))
കൃഷി (WTO സെൽ) വകുപ്പ് (AGRI-WTO1-19/2023-AGRI-Part(1))
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (FCSD-C1/93/2023-FCSD-Part(5))

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ഭക്ഷ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ്-നെല്ല് സംഭരണം-എസ് ബി ഐ ,കാനറാ ബാങ്കുകളിൽ നിന്നുള്ള PRS വായ്പാ പദ്ധതി ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.122/2026/F&CS തീയതി,തിരുവനന്തപുരം, 05-06-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.139/2023/F&CSD തീയതി 28/03/2023
2. സ.ഉ.(സാധാ) നം.436/2023/F&CSD തീയതി 03/11/2023
3. സ.ഉ.(സാധാ) നം.140/2025/F&CSD തീയതി 15/05/2025
4. സ.ഉ.(സാധാ) നം.165/2025/F&CSD തീയതി 06/06/2025
5. സ.ഉ.(സാധാ) നം.168/2025/F&CSD തീയതി 09/06/2025
6. സപ്ലൈകോ മാനേജിംഗ്ഡയറക്ടറുടെ 20/04/2026 തീയതിയിലെ KSCSC/129/2023/AM(ACTS)(F) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സപ്ലൈകോയുടെ നെല്ല് സംഭരണ പദ്ധതിയുടെ ഭാഗമായി കർഷകർക്ക് സംഭരിച്ച നെല്ലിന്റെ വില പി.ആർ.എസ് (Paddy receipt Sheet)വായ്പയായി അനുവദിക്കുന്ന പദ്ധതിയുമായി സഹകരിക്കുന്ന കൺസോർഷ്യം ബാങ്കുകളായ എസ്.ബി.ഐ., കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയിൽ നിന്നുള്ള 2500 കോടി രൂപയുടെ കൺസോർഷ്യം വായ്പയ്ക്ക് പുറമേ പരാമർശം (1), (2)എന്നിവ പ്രകാരം യഥാക്രമം 700 കോടിയും , 400 കോടിയും സപ്ലൈകോയ്ക്ക് കൺസോർഷ്യം ബാങ്കുകളിൽ നിന്നും PRS വായ്പ എടുക്കുന്നതിനും, പരാമർശം (3),(4) എന്നിവ പ്രകാരം ആയത് ദീർഘിപ്പിച്ചും, പരാമർശം (5) പ്രകാരം കാനറാ ബാങ്ക് നൽകിവരുന്ന വായ്പയുടെ പലിശ പുതുക്കി നിശ്ചയിച്ചും ഉത്തരവായിരുന്നു.

എസ് ബി ഐ ,കാനറാ ബാങ്ക് എന്നിവയുമായി ഉണ്ടാക്കിയിട്ടുള്ള PRS വായ്പ പദ്ധതിയുടെ ധാരണാപത്രത്തിന്റെ (MoU) കാലാവധി അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ, സംഭരിക്കുന്ന നെല്ലിന്റെ വില കർഷകർക്ക് സമയബന്ധിതമായി നൽകുന്നതിനായി ടി പദ്ധതിയുടെ സൗകര്യം ഒരു വർഷത്തേക്ക് കൂടി തുടരുന്നതിന് അനുമതി നല്കണമെന്ന് സപ്ലൈകോ മാനേജിംഗ് ഡയറക്ടർ പരാമർശം (6) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി എസ് ബി ഐ, കാനറാ ബാങ്കുകളുടെ PRS വായ്പ പദ്ധതിയുടെ സൗകര്യം ഒരു വർഷത്തേയ്ക്കുകൂടി താഴെ സൂചിപ്പിക്കുന്ന പട്ടിക പ്രകാരം ദീർഘിപ്പിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

| ക്രമനമ്പർ | കൺസോർഷ്യം ബാങ്ക് | കരാർ അവസാനിച്ച തീയതി | കരാർ ദീർഘിപ്പിക്കുന്ന തീയതി | പലിശ നിരക്ക് |
|---|---|---|---|---|
| 1 | കാനറാ ബാങ്ക് | 31/03/2026 | 01/04/2026 | 9% |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 28/05/2026 | 29/05/2026 | 9% |

State Level Bankers' Committee (SLBC) ചേർന്ന്പലിശനിരക്കിൽ കുറവ് വരുന്നപക്ഷം വായ്പാ പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) , തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-സി) വകുപ്പ് (No.3380870/Agri-C1/175/2025-FIN-Part(1) )
കരുതൽ ഫയൽ/ ഓഫീസ് കോപ്പി. (FCSD-C1/50/2026-FCSD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്